പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 431 — 27/9/2011 ൽ മറുപടിയ്ക്ക്

## മാനസിക വൈകല്യമോ അംഗവൈകല്യമോ ഉള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായം

ചോദ്യം — ഉത്തരം

ശ്രീ.കുഞ്ഞിരാമൻ (ഉദുമ): — ഡോ. എം.കെ. മുനീർ : പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി.

| | |
|---|---|
| (എ). മാനസിക വൈകല്യമോ അംഗ വൈകല്യമോ ഉള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നതിന് എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഫലമടക്കമുള്ള വിശദാംശം വ്യക്തമാക്കുമോ? | (എ). കേന്ദ്രസർക്കാരിന്റെ ദീനദയാൽ റീഹാബിലിറ്റേഷൻ സ്കീം പ്രകാരം സാമൂഹികക്ഷേമവകുപ്പു വഴി അംഗ വൈകല്യമുള്ള കുട്ടികൾ പഠിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി നിലവിലുണ്ട്. ടി സെന്ററുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 200/- രൂപ നിരക്കിലും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്ക് പ്രതിമാസം 850/- രൂപ നിരക്കിലും സ്റ്റൈപ്പൻഡ് നൽകി വരുന്നു.<br><br>മാനസിക വൈകല്യമുള്ള കുട്ടികൾ പഠിയ്ക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കും ടി പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നുണ്ട്. വികലാംഗരായ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് കേന്ദ്രസർക്കാർ ADIP പദ്ധതിപ്രകാരം കൃത്രിമ ഉപകരണങ്ങൾ നൽകി വരുന്ന പദ്ധതിയും നിലവിലുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ